# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**16/02/2025** | **മാർക്ക് - 50**

**10.30pm - 12.30pm** | **STD - IV** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10

1. സഭയിലൂടെ നമുക്ക് പാപമോചനം നൽകുന്നതാര്?
2. പാപമോചനവും രോഗസൗഖ്യവും നൽകി നമ്മുടെ ആത്മശരീരങ്ങൾക്ക് ആരോഗ്യം നൽകുന്ന കൂദാശ?
3. ഈശോയെപ്പോലെ മക്കളായ നമ്മളും ദൈവത്തെ ............ എന്നാണ് വിളിച്ചപേക്ഷിക്കേണ്ടത്.
4. ............ലൂടെ ഈശോ സഭയ്ക്കു നൽകിയ അധികാരത്താലാണ് ഇന്ന് രോഗീലേപനമെന്ന കൂദാശ നൽകുന്നത്.
5. തന്റെ രക്ഷാകരദൗത്യം തുടരുവാൻ ഈശോ സഭയ്ക്കു നൽകിയ കൂദാശ ഏത്?
6. .......... പവിത്രവും പരിശുദ്ധവുമാണെന്നും മരണം വരെ വേർപെടുത്താനാവാത്ത ബന്ധമാണെന്നും ഈശോ പഠിപ്പിച്ചു.
7. തിരുപ്പട്ടകൂദാശയിലെ പ്രധാനഭാഗം ഏത്?
8. "കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കൻമാരെ അനുസരിക്കുവിൻ, അത് ന്യായയുക്തമാണ്." ഇപ്രകാരം പറഞ്ഞത് ആര്?
9. ഏത് കൂദാശയിലൂടെയാണ് നാമെല്ലാവരും ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നത്?
10. ഈശോ പറയുന്ന കാര്യങ്ങൾ അനുസരിച്ചാൽ നാം ആരായിത്തീരും?
11. ദൈവത്തിന്റെ മഹത്ത്വപൂർണമായ പ്രവർത്തനങ്ങളെയും സൃഷ്ടപ്രപഞ്ചത്തിലെ മഹിമയാർന്ന നന്മകളെയും കണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിനെയാണ് നമ്മൾ ........... എന്നു പറയുന്നത്.
12. "നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ." ഇപ്രകാരം പറഞ്ഞത് ആര്?

| |
|---|
| മാമ്മോദീസ |
| ശ്ലീഹന്മാർ |
| പൗലോസ് ശ്ലീഹ |
| ക്രിസ്തു |
| വി. കുർബാന |
| പിതാവേ |
| യാക്കോബ് ശ്ലീഹ |
| വിവാഹബന്ധം |
| മാർപാപ്പമാർ |
| വിശുദ്ധർ |
| രോഗീലേപനം |
| സ്തുതിപ്പ് |
| ആരാധന |
| തിരുപ്പട്ടം |
| കൈവയ്പു ശുശ്രൂഷ |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

13. അനുരഞ്ജനകൂദാശ ഫലപ്രദമായി സ്വീകരിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ക്രമത്തിൽ എഴുതുക.

| | | |
|---|---|---|
| പാപങ്ങളെല്ലാം വൈദികനോട് ഏറ്റുപറയണം | വീണ്ടും പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യണം | പാപങ്ങളോർത്തു പശ്ചാത്തപിക്കണം |
| ആത്മശോധന ചെയ്ത് പാപങ്ങളെല്ലാം കണ്ടെത്തണം | വൈദികൻ നൽകുന്ന പ്രായശ്ചിത്തം അനുഷ്ഠിക്കണം | |

14. a) “അവൻ തന്റെ ......... വിളിച്ച് അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കാനും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്താനും അവർക്ക് അധികാരം നൽകി.” (മത്താ. 10:1)

b) “സ്വർഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി .......... നൽകുകയില്ല.” (ലൂക്കാ 11:13)

c) ജനങ്ങളിൽനിന്നു ജനങ്ങൾക്കുവേണ്ടി, പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ട് നിയോഗിക്കപ്പെടുന്ന വ്യക്തിയാണ് ........... (ഹെബ്രാ. 5:1)

## C. ചേരുംപടി ചേർക്കുക 1X5=5

| | | |
|---|---|---|
| 15. അനുരഞ്ജനകൂദാശ | - | നിത്യപുരോഹിതൻ |
| മെത്രാൻ | - | ദൈവത്തിന്റെ പ്രതിനിധികൾ |
| പുരോഹിതൻ | - | വിശുദ്ധതൈലംകൊണ്ടുള്ള ലേപനം |
| മാതാപിതാക്കൾ | - | സ്ഥൈര്യലേപനം |
| ഈശോ | - | മുൻപിൽ വയ്ക്കപ്പെട്ടവൻ |
| | - | പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപം |
| | - | ശ്ലീഹന്മാരുടെ പിൻഗാമികൾ |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

16. മൗലിക സുകൃതങ്ങൾ ഏവ?
17. “നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ട അതേ ശരീരം തന്നെയാണ് കൂദാശയായി പരിശുദ്ധ കുർബാനയിൽ ഉള്ളത്” എന്ന് പറഞ്ഞ സഭാപിതാവ് ആര്?
18. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 55:1, “ദൈവമേ, എന്റെ ...........”
19. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ ‘പ്രാർത്ഥനയിൽ വളരാം’ എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന ‘നാല് ആൾരൂപങ്ങൾ’ എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

20. പാപപരിഹാരം പൂർണമാകാൻ വൈദികൻ നൽകുന്ന പ്രായശ്ചിത്തത്തിനുപുറമേ നാം എന്തെല്ലാം ചെയ്യണം?
21. പുരോഹിതന്റെ ധർമ്മങ്ങൾ ഏതെല്ലാം?
22. എങ്ങനെയുള്ളതാണ് ഒരു മാതൃകാകുടുംബം?
23. അനുരഞ്ജനകൂദാശയുടെ ഫലങ്ങളേവ?
24. രോഗികളോടുള്ള നമ്മുടെ ക്രൈസ്തവ ദൗത്യങ്ങൾ ഏവ?

## F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

25. പ്രാർത്ഥനയെന്നാൽ എന്തെന്നും, പ്രാർത്ഥനയുടെ വിവിധ ഘടകങ്ങൾ ഏതെല്ലാമെന്നും, പ്രാർത്ഥനയിലൂടെ നമുക്കു ലഭിക്കുന്ന ദൈവകൃപ നമ്മെ എന്തിനെല്ലാം സഹായിക്കുന്നുവെന്നും ‘പ്രാർത്ഥന ദൈവവുമായുള്ള സംഭാഷണം’ എന്ന പാഠത്തെ ആസ്പദമാക്കി എഴുതുക.

**(അല്ലെങ്കിൽ)**

‘നമുക്കും വിശുദ്ധരാകാം’ എന്ന പാഠത്തിൽ പരിചയപ്പെട്ട ലീമായിലെ വിശുദ്ധ റോസിനെയും വിശുദ്ധ ഡൊമിനിക് സാവിയോയെയും മുൻനിർത്തി വിശുദ്ധരാകാൻ നാം ചെയ്യേണ്ടത് എന്തൊക്കെയെന്ന് വിവരിക്കുക.

| | |
|---|---|
| 26. ഇന്റേണൽ അസസ്സ്മെന്റ്: | 15 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**16/02/2025** | **മാർക്ക് - 50**
**10.30pm - 12.30pm** | **STD - V** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

1. നീസാൻ മാസം പതിനാലാം തീയതി ഇസ്രായേൽക്കാർ ആചരിക്കുന്ന തിരുനാൾ ഏത്?
2. ഇസ്രായേൽജനതയുടെ മധ്യത്തിലെ ദൈവത്തിന്റെ സാന്നിദ്ധ്യമായിരുന്നത് എന്ത്?
3. ഇസ്രായേലിലെ അവസാനത്തെ ന്യായാധിപൻ?
4. ദൈവത്തെ മറന്നു പ്രവർത്തിക്കാൻ തുടങ്ങിയ ഇസ്രായേൽക്കാരെ ദൈവത്തിങ്കലേക്ക് തിരികെ കൊണ്ടുവരാൻ നിയോഗിക്കപ്പെട്ടവർ ആര്?
5. “ദൈവത്തിന്റെ വലിയ കരവിരുതാണു പ്രകൃതി. നമുക്കായി ദൈവം ചൊരിഞ്ഞ സ്നേഹമാണ് പ്രകൃതി.” ഇപ്രകാരം പറഞ്ഞത് ആര്?
6. ഇമ്മാനുവേൽ പ്രവചനത്തിൽ ശിശുവിന് അസാധാരണവിശേഷണങ്ങൾ നൽകിയത് ആര്?
7. സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടതെന്ന്?
8. ഇസ്രായേൽജനത്തിന്റെ ജീവിതസാഹചര്യങ്ങളിൽ നിന്നും രൂപം കൊണ്ട പ്രാർത്ഥനാഗീതങ്ങൾ ഏത്?
9. പുതിയനിയമജനതയായ സഭാസമൂഹത്തിന് മാർഗനിർദ്ദേശങ്ങൾ നൽകുന്നവർ ആര്?
10. “പ്രാർത്ഥന എന്നത് ആത്മാവിന്റെ നിരന്തരമായ പരിശോധനയാണ്. ദൈവം തന്ന ആത്മാവ് ദൈവത്തേപ്പോലെയാണോ എന്ന പരിശോധന.” കാർലോ അക്കൂത്തിസിനെ ഏറെ സ്വാധീനിച്ച ഈ വാക്കുകൾ ആരുടെതാണ്?
11. സിനഗോഗ് എന്ന പേരുണ്ടായ ‘സുനാഗോ’ എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം എന്ത്?
12. തിരുനാളുകളുടെ തിരുനാൾ എന്നറിയപ്പെടുന്ന തിരുനാൾ ഏത്?

| |
|---|
| പന്തക്കുസ്താദിനം |
| സങ്കീർത്തനങ്ങൾ |
| ഫ്രാൻസീസ് മാർപാപ്പ |
| ഒന്നിച്ചുകൂടുക |
| വാഗ്ദാനപേടകം |
| സഭാപ്രബോധകർ |
| പ്രവാചകൻമാർ |
| മോശ |
| ഏശയ്യ |
| ബനഡിക്ട് പതിനാറാമൻ മാർപാപ്പ |
| സാമുവൽ |
| ദനഹാത്തിരുന്നാൾ |
| പെസഹാത്തിരുനാൾ |
| ഉയിർപ്പുതിരുനാൾ |
| കാർലോ അക്കൂത്തിസ് |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6**

13. താഴെ നൽകിയിരിക്കുന്ന പ്രവാചകരിൽ നിന്നും ചെറിയ പ്രവാചകരെ കണ്ടെത്തി തരം തിരിക്കുക.

| | | | | |
|---|---|---|---|---|
| മിക്കാ | എസെക്കിയേൽ | ജറെമിയ | ജോയേൽ | ആമോസ് |
| ഏശയ്യ | സഖറിയാ | സെഫാനിയാ | ദാനിയേൽ | ഹോസിയ |

14. a) പുതിയ ദൈവജനമായ ........... ദൈവാരാധനയ്ക്കുള്ള സ്ഥലമാണ് ദൈവാലയം.

b) .............. അടയാളങ്ങളാണ് ദൈവാലയങ്ങൾ.

c) ദൈവത്തിന്റെ ബലിപീഠത്തിനു മുന്നിൽ ഒരുമിച്ചുകൂടുന്നവരാണ് യഥാർത്ഥ .............

**C. ചേരുംപടി ചേർക്കുക** **1X5=5**

| | | |
|---|---|---|
| 15. പാപപരിഹാരദിനം | - | അമ്പതാം ദിവസം |
| മിശിഹാ | - | സുവർണ്ണകാലഘട്ടം |
| പന്തക്കുസ്താ | - | ആദ്യത്തെ രാജാവ് |
| സോളമൻ | - | അഭിഷിക്തൻ |
| എസെക്കിയേൽ | - | ഇമ്മാനുവേൽ പ്രവചനം |
| | - | യോംകിപ്പൂർ |
| | - | മിശിഹാ നല്ല ഇടയൻ |

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

16. മനസ്താപപ്രകരണം എഴുതുക?

17. 'ബലിപീഠം ആകുന്ന ഏദൻ തോട്ടത്തിൽ നിന്ന് ഭക്ഷിക്കുന്ന ക്രിസ്ത്യാനി നിത്യജീവന് യോഗ്യനാകുന്നു' എന്ന് പഠിപ്പിച്ച സഭാപിതാവ്?

18. വചനം പൂർത്തിയാക്കുക. യോഹന്നാൻ 14:14, "എന്റെ നാമത്തിൽ ........."

19. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ 'പ്രാർത്ഥനയിൽ വളരാം' എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'തിരമാലകൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

20. പന്തക്കുസ്താത്തിരുനാളിന്റെ മറ്റു മൂന്നു പേരുകൾ എഴുതുക.

21. ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ സങ്കീർത്തനങ്ങളെ മൂന്നായി തിരിച്ചിരിക്കുന്നത് എങ്ങനെ?

22. ഇസ്രായേൽ സമൂഹത്തിൽ പുരോഹിതന്മാർ നിയുക്തരായത് എന്തിന്?

23. വലിയ പ്രവാചകരും, പുസ്തകങ്ങളുടെ പേരിൽ അറിയപ്പെടാത്തവരുമായ ഇസ്രായേലിലെ പ്രവാചകരിൽ പ്രധാനികൾ ആരെല്ലാം?

24. ജൂബിലിയാചരണം ഇസ്രായേൽക്കാരെ ഓർമ്മപ്പെടുത്തിയിരുന്നത് എന്ത്?

**F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

25. സഭയിൽ പലവിധത്തിലുള്ള തിരുനാളുകൾ ഉണ്ട്. അവയിൽ പ്രധാനപ്പെട്ട നമ്മുടെ കർത്താവായ ഈശോയുടെ തിരുനാളുകളെക്കുറിച്ച് വിവരിക്കുക.

**(അല്ലെങ്കിൽ)**

'ദൈവസ്നേഹം സഹജരിൽ' എന്ന പാഠത്തിൽ കാർലോ അക്കൂത്തിസ്, ഇമ്മാനുവേൽ എന്ന വ്യക്തിയിൽ ഈശോയുടെ മുഖം കണ്ട് സഹായിച്ചത് എങ്ങനെയെന്ന് വിവരിക്കുക.

26. ഇന്റേണൽ അസസ്സ്മെന്റ്: **15**
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**16/02/2025** | **മാർക്ക് – 50**

**10.30pm - 12.30pm** **STD - VI** **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

1. ദൈവീക വെളിപ്പെടുത്തലിനുള്ള പ്രത്യുത്തരം എന്ത്?
2. കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിക്കുവിൻ എന്ന് നമ്മെ ഉപദേശിച്ച ശ്ലീഹാ ആര്?
3. ദൈവം നൽകിയ ദൗത്യം ഇഷ്ടപ്പെടാതിരുന്ന യോന എവിടേക്കാണ് കപ്പൽ കയറിയത്?
4. ക്രിസ്തീയ ജീവിതത്തിലെ പുതിയ അനുഭവത്തിന് ആരംഭം കുറിക്കുന്ന ദിവസം?
5. ഏറ്റവും ശക്തമായ സുവിശേഷ പ്രഘോഷണം?
6. "ഈ ദിവസങ്ങളിൽ ജറുസലേമിൽ നടന്ന സംഭവമൊന്നും അറിയാത്ത അപരിചിതനാണോ നീ." ഈശോയോട് ഇങ്ങനെ ചോദിച്ചതാര്?
7. ഗുരുവിനോടൊത്തു വസിച്ച് ഗുരുവിനെ മനസ്സിലാക്കി ............ അനുഭവിക്കുന്നവരാണ് ശിഷ്യൻ.
8. "ഞാൻ ലോകാവസാനംവരെയും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന ഈശോയുടെ വാഗ്ദാനത്തിന്റെ പൂർത്തീകരണം എന്ത്?
9. മരിക്കേണ്ടി വന്നാലും ഗുരുവിനെ വിട്ടുപിരിയരുത് എന്നാഗ്രഹിച്ച ശിഷ്യൻ ആര്?
10. 'ലോഗോസ്' എന്ന പദത്തിന്റെ അർത്ഥം എന്ത്?
11. "എല്ലാ പദാർത്ഥങ്ങളിലും ദൈവത്തിന്റ കൃപ കണ്ടെത്താൻ സാധിക്കുന്നതിനാൽ ഞാൻ അവയെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യും" എന്ന് പ്രസ്താവിച്ചത് ആര്?
12. ലോകാരംഭം മുതൽ ഇന്നോളമുള്ള മറ്റൊരു വ്യക്തിക്കും അവകാശപ്പെടാനാവാത്ത മഹത്വം ഈശോ പ്രകാശിതമാക്കിയ സംഭവം ഏത്?

| |
|---|
| പുതുഞ്ഞായർ |
| ഗുരുസ്നേഹം |
| ക്ലെയോപാസ് |
| അറിവ് |
| വി. പൗലോസ് |
| വി. ഡോൺ ബോസ്കോ |
| വി. കുർബാന |
| പ്രാർത്ഥന |
| താർഷിഷ് |
| ഉയിർപ്പ് |
| വിശ്വാസം |
| ക്രിസ്തുമസ് |
| ജീവിത മാതൃക |
| തോമാശ്ലീഹാ |
| വി. ജോൺ ഡമീഷ്യൻ |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6**

13. ശ്ലീഹാക്കാലത്തേയും, ശ്ലീഹാക്കാലത്ത് നാം അനുസ്മരിക്കുന്ന പ്രധാന രഹസ്യങ്ങളേയും കണ്ടെത്തി എഴുതുക.

| | | |
|---|---|---|
| സഭയുടെ പ്രേഷിത സ്വഭാവം | ക്രിസ്തീയജീവിതത്തിന്റെ പുതിയ അനുഭവം | പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ |
| ഉത്ഥിതനായ ഈശോ തോമ്മാ ശ്ലീഹായ്ക്ക് പ്രത്യക്ഷനാകുന്നു | ആദിമ സഭയുടെ ചൈതന്യം | പന്തക്കുസ്താത്തിരുനാൾ ആരംഭിക്കുന്നു |
| ആരാധനാ വത്സരത്തിന്റെ ആറാമത്തെ കാലം | ശ്ലീഹന്മാരും സഭയും തമ്മിലുള്ള സുദൃഢമായ ബന്ധം | |

14. പുതിയ നിയമത്തിൽ 21 ലേഖനങ്ങൾ ഉണ്ട്. അതിൽ ........ ലേഖനങ്ങൾ പൗലോസിന്റെ പേരിൽ അറിയപ്പെടുന്നു. ഇവയ്ക്കു പിന്നാലെ വരുന്ന ഏഴുലേഖനങ്ങൾ ......... ലേഖനങ്ങൾ എന്നറിയപ്പെടുന്നു. ........., ........, ........, ........ എന്നിവരാണ് ഈ ലേഖനങ്ങളുടെ കർത്താക്കൾ.

**C. ചേരുംപടി ചേർക്കുക** **1X5=5**

15. സഭയുടെ തലവൻ - ഏഴ് എഴുപത്
ശൂന്യമായ കല്ലറ - ദൈവാലയ കവാടം
ക്ഷമ - ഉത്ഥാനം
റബ്ബോനി - പൗലോസ് ശ്ലീഹ
മുടന്തൻ - പത്രോസ്
- മരണം
- മറിയം

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

16. പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങളിലെ നാലാം ദിവ്യരഹസ്യം എഴുതുക.

17. വി. യൗസേപ്പിതാവിനെ സാർവ്വത്രിക സഭയുടെ പരിപാലകനും മധ്യസ്ഥനുമായി പ്രഖ്യാപിച്ച മാർപാപ്പ ആര്?

18. വചനം പൂർത്തിയാക്കുക. യാക്കോബ് 5:13, “നിങ്ങളുടെയിടയിൽ ...........”

19. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ ‘പ്രാർത്ഥനയിൽ വളരാം’ എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന ‘വി. കുരിശ്’ എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

20. ഈശോ ശത്രുസ്നേഹത്തിന്റെ മഹത്തായ മാതൃക നൽകിയത് എങ്ങനെ?

21. കുരിശിൽ മരിച്ച ഈശോയെ കല്ലറയിൽ സംസ്കരിച്ചത് ആരെല്ലാം?

22. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരുടെ ചർച്ചാവിഷയം എന്ത്?

23. ‘സമാധാനം നിങ്ങളോടുകൂടെ’ എന്ന കാർമ്മികന്റെ ആശംസ സൂചിപ്പിക്കുന്നത് എന്ത്?

24. താൻ ആരാണെന്ന് അനുഭവിച്ചറിയാൻ ഈശോ ശിഷ്യർക്ക് അവസരം നൽകിയത് എങ്ങനെ?

**F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

25. ഈശോ തിരുലിഖിതങ്ങൾ വ്യാഖ്യാനിച്ചപ്പോൾ എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർക്കുണ്ടായ അനുഭവവും, വി. കുർബാനയിലെ ദൈവവചന ശുശ്രൂഷയേയും, ഈശോയുടെ സാന്നിധ്യത്തേയും ‘എമ്മാവൂസ് അനുഭവം’ എന്ന പാഠഭാഗത്തുനിന്നും വിവരിക്കുക.

**(അല്ലെങ്കിൽ)**

പ്ലാസ്റ്റിക് ദോഷകരമായി മാറുമ്പോൾ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ? നാം വസിക്കുന്നിടം പ്ലാസ്റ്റിക് വിമുക്ത പരിസ്ഥിതിയായി മാറ്റാനുള്ള തീരുമാനങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെ? ഉപപാഠത്തിലെ ‘പ്ലാസ്റ്റിക്കിന്റെ ലോകം’ എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

26. ഇന്റേണൽ അസസ്സ്മെന്റ്: **15**
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**16/02/2025** **മാർക്ക് - 50**

**10.30pm - 12.30pm** **STD - VII** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

| | | |
|---|---|---|
| * ദൈവം | * മിശിഹാ | * നല്ല കുടുംബങ്ങൾ |
| * റോമ 5:17-18 | * പീലാത്തോസ് | * റോമ 7:18-19 |
| * വി.കുർബാന | * വിശ്വാസം | * ശിഷ്യരോട് |
| * നിസ്വാർത്ഥസ്നേഹം | * ഹൃദയം | * വി. മരിയ ഗൊരേത്തി |
| * വി. ജിയന്ന ബെറെറ്റ | * സഭാസമൂഹം | * കാര്യസ്ഥൻ |

1. പഴയ നിയമത്തിൽ മനഃസാക്ഷിയെന്നാൽ എന്ത്?
2. ഞാൻ ലോകത്തിലേക്ക് വന്നത് സത്യത്തിന് സാക്ഷ്യം വഹിക്കാനാണെന്ന് ഈശോ ആരോടാണ് പറഞ്ഞത്?
3. കുടുംബബന്ധത്തിന് അടിത്തറയാകേണ്ടത് എന്ത്?
4. സത്യത്തിന്റെ പൂർണ്ണതയാണ് .............
5. ക്രൈസ്തവർ വിശുദ്ധിയുടെ മാതൃകയായി ആരെയാണ് ധരിച്ചിരിക്കുന്നത്?
6. ശുദ്ധത എന്ന പുണ്യത്തിനായി ജീവൻ ബലികഴിച്ച വിശുദ്ധ ആര്?
7. സഭയുടെയും സമൂഹത്തിന്റെയും നട്ടെല്ല് എന്താണ്?
8. സഭയുടെ പരമോന്നതമായ ആരാധന ഏതാണ്?
9. ഈശോയിൽ വിശ്വസിക്കുന്നവർക്ക് അവരുടെ മനഃസാക്ഷിയുടെ അടിസ്ഥാനം എന്ത്?
10. ദൈവാലയത്തിന്റെ സംരക്ഷണവും ദൈവാലയ ശുശ്രൂഷകരുടെ പരിപാലനയും സാധുക്കളുടെ സംരക്ഷണവും ആരുടെ കടമയാണ്?
11. "നന്മ ഇച്ഛിക്കാൻ എനിക്കു സാധിക്കും. എന്നാൽ, പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്." വചനഭാഗം ഏത്?
12. പ്രപഞ്ചത്തിന്റെ ഉടമസ്ഥനല്ല, ................ ആണ് മനുഷ്യൻ?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5**

13. സുവിശേഷാനുസൃതമായ ദാരിദ്ര്യം എന്നാൽ എന്ത്?
14. പഴയനിയമജനത ഏത് ബന്ധത്തോടാണ് ഭാര്യാഭർതൃബന്ധത്തെ ഉപമിച്ചിരുന്നത്?

15. മനഃസാക്ഷി രൂപീകരണത്തിലെ രണ്ടാമത്തെ കാര്യം എന്ത്?
16. ഞായറാഴ്ചകളിൽ വിലക്കപ്പെട്ട വേലകൾ ചെയ്യരുതെന്ന് സഭ നിർദ്ദേശിക്കുന്നത് എന്തുകൊണ്ട്?
17. എന്താണ് അപവാദം?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

18. തിരുസഭയുടെ കൽപനകൾ നമ്മെ എന്തിന് സഹായിക്കുന്നു?
19. ക്രിസ്തീയ മനഃസാക്ഷി രൂപപ്പെടുത്താൻ നാം ശ്രദ്ധിക്കണം എന്ന് പറയുന്നത് എന്തുകൊണ്ട്?
20. കള്ളം പറയുന്നത് എങ്ങനെയാണ് അവകാശ ലംഘനമാകുന്നത്?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. മഹിമയ്ക്കടുത്ത ദിവ്യരഹസ്യങ്ങളിലെ അഞ്ചാം ദിവ്യരഹസ്യം എഴുതുക.
22. ഫ്രാൻസിസ് മാർപാപ്പയുടെ 'അവൻ നമ്മെ സ്നേഹിച്ചു' (Dilexit Nos) എന്ന നാലാമത്തെ ചാക്രികലേഖനത്തിന്റെ അടിസ്ഥാന പ്രമേയം എന്ത്?
23. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 116:1, "ഞാൻ കർത്താവിനെ ......."
24. 2024-2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ 'പ്രാർത്ഥനയിൽ വളരാം' എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'നങ്കൂരം' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

25. തകരുന്ന കുടുംബ ബന്ധങ്ങളെക്കുറിച്ചും ദാമ്പത്യ വിശുദ്ധിയെക്കുറിച്ചും 'ദാമ്പത്യവിശുദ്ധി പാലിക്കുക' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.
26. കൗമാരക്കാരുടെ ശാരീരിക-മാനസീക ആരോഗ്യത്തെയും ചുറ്റുപാടുകളെയും നശിപ്പിക്കുന്ന അഡിക്ഷനുകൾ ഏതെല്ലാമെന്നും, അഡിക്ഷനുകൾ ആരംഭിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും, അവയിൽ നിന്നും മോചനം നേടി എങ്ങനെ വിശുദ്ധി പ്രാപിക്കാമെന്നും ഉപപാഠപുസ്തകത്തിലെ 'അഡിക്ഷൻ' എന്ന പാഠത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

കുട്ടികൾ ചൂഷണങ്ങൾക്ക് ഇരയാകുന്നത് ഇന്ന് വർദ്ധിച്ചുവരികയാണല്ലോ. എന്തൊക്കെ ചൂഷണങ്ങളാണ് കുട്ടികൾ നേരിടുന്നത്? നിങ്ങളുടെ സുഹൃത്ത് ഇത്തരത്തിലുള്ള ചൂഷണത്തിന് ഇരയായാൽ, അതിൽ നിന്നും ആ സുഹൃത്തിനെ രക്ഷിക്കാൻ എന്തൊക്കെ ചെയ്യാനാകും?

27. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**16/02/2025** **മാർക്ക് - 50**
**10.30pm - 12.30pm** **STD - VIII** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

| | | |
|---|---|---|
| * കൂദാശകൾ | * വിശ്വാസം | * സാർവത്രിക സൂനഹദോസുകൾ |
| * 2 തെസലോനിക്ക 7:4 | * ഒന്നാം വത്തിക്കാൻ കൗൺസിൽ | * സീറോ-മലബാർ |
| * രണ്ടാം വത്തിക്കാൻ കൗൺസിൽ | * 1 തെസലോനിക്ക 4:7 | * സഭയുടെ |
| * വി. അഗസ്തീനോസ് | * XI-ാം പീയൂസ് പാപ്പ | * പാത്രിയാർക്കീസ് |
| * വി. ജോൺപോൾ II | * മാർ ലൂയീസ് പഴേപറമ്പിൽ | * എറണാകുളം-അങ്കമാലി അതിരൂപത |

1. ആചാരങ്ങളിലെ വൈവിധ്യമാണ് മിശിഹായുടെ സഭയുടെ സൗന്ദര്യത്തിന്റെ ഒരു കാരണം എന്ന് പ്രഖ്യാപിച്ചത് ആര്?
2. അടിസ്ഥാനപരമായി സഭയെ ഒരു കൂട്ടായ്മയാക്കുന്നത് എന്ത്?
3. നമ്മെ വിശുദ്ധീകരിക്കുന്നതും ഈശോ സ്ഥാപിച്ചതുമായ ജീവന്റെ നീർച്ചാലുകൾ ഏവ?
4. പേട്രിയാർക്കൽ സഭകളുടെ തലവൻ ആര്?
5. 'സുവിശേഷത്തിന്റെ ഒരു സംക്ഷിപ്തരൂപം' എന്ന് ജപമാലയെ വിശേഷിപ്പിച്ചത് ആര്?
6. എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദ്യവികാരി അപ്പസ്തോലിക്ക ആര്?
7. മാർത്തോമ്മാക്രിസ്ത്യാനികളുടെ വിശ്വാസപാരമ്പര്യം ആദിമുതൽ പുലർത്തുന്ന സഭ ഏത്?
8. "അശുദ്ധിയിലേക്കല്ല വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്" ബൈബിൾ വാക്യം ഏത്?
9. മാർപാപ്പയുടെ പരമാധികാരം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ച കൗൺസിൽ ഏത്?
10. സഭയുടെ ഐക്യവും സാർവ്വത്രികതയും പ്രകടമാകുന്ന സർവ്വപ്രധാനമായ വേദികൾ ഏത്?
11. ആത്മശരീരങ്ങളോടെ സ്വർഗാരോപിതയായ മറിയം യുഗാന്ത്യത്തിൽ മഹത്വം പ്രാപിക്കാനിരിക്കുന്നത് ................ പ്രതീകമാണ്.
12. സീറോ-മലബാർ ഹയരാർക്കി സ്ഥാപിച്ച മാർപാപ്പ ആര്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5**

13. എന്തിന്റെയെല്ലാം അടിസ്ഥാനത്തിലാണ് കത്തോലിക്കാ സഭയിൽ വ്യത്യസ്തങ്ങളായ ഇരുപത്തിനാല് വ്യക്തിസഭകൾ ഉള്ളത്?

14. പരിശുദ്ധ അമ്മ നമ്മുടെ അമ്മയായത് എങ്ങനെ?

15. സഭയുടെ കാതോലികത പ്രകടമാകുന്നത് എപ്പോൾ?

16. ദൈവവിളികൾ വിശുദ്ധിക്കുള്ള മാർഗമായിത്തീരുന്നത് എങ്ങനെ?

17. ഈശോയുടെ രക്ഷാകര ദൗത്യം ശ്ലീഹന്മാർ നിർവഹിച്ചത് എങ്ങനെ?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

18. നോമ്പും പ്രാർത്ഥനയും ഉപവാസവും നമ്മെ വിശുദ്ധീകരിക്കുന്നത് എങ്ങനെ?

19. 'മാർപാപ്പയുടെ പരമാധികാരം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

20. പരിശുദ്ധ അമ്മയുടെ പ്രധാനപ്പെട്ട ഏതെങ്കിലും നാല് തിരുനാളുകളും അവയുടെ തീയതികളും എഴുതുക.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. ദൈവികപുണ്യങ്ങൾ എഴുതുക.

22. ഫ്രാൻസിസ് മാർപാപ്പയുടെ നാലാമത്തെ ചാക്രികലേഖനത്തിന്റെ പേര് എന്ത്?

23. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 37: 5, "നിന്റെ ജീവിതം ..........."

24. 2024-2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ 'പ്രാർത്ഥനയിൽ വളരാം' എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'വി. ഗ്രന്ഥം' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

25. 'സഭ സാർവ്വത്രികമാണ്' എന്ന പാഠത്തെ ആസ്പദമാക്കി 'സകല ജനപദങ്ങൾക്കും വേണ്ടിയുള്ള രക്ഷയുടെ അടയാളമാണ് സഭ' എന്നത് വിവരിക്കുക.

26. സീറോ-മലബാർ സഭയുടെ മേജർ അതിരൂപതയായ എറണാകുളം-അങ്കമാലി അതിരൂപതയെക്കുറിച്ച് ഉപപാഠപുസ്തകത്തിലെ 'എറണാകുളം-അങ്കമാലി അതിരൂപത, ഉയർച്ചയുടെ പടവുകൾ- സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും' എന്ന പാഠത്തെ അടിസ്ഥാനമാക്കി ഒരു വിവരണം നൽകുക.

**(അല്ലെങ്കിൽ)**

ഇടയ്ക്കിടെയുള്ള കുമ്പസാരത്തിലൂടെയും അനുദിന ദിവ്യബലിയിലൂടെയും ദൈവവുമായുള്ള വ്യക്തിബന്ധത്തിൽ വളരാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? കൗമാരക്കാരായ നിങ്ങളുടെ നല്ല ജീവിതത്തെ തളർത്തുന്ന കാര്യങ്ങൾ ഏവയെന്നും, പ്രാർത്ഥനയിലൂടെ ഒരു 'പോസിറ്റീവ് വൈബിൽ' (Positive Vibe) നിങ്ങൾക്ക് എങ്ങനെ വളരാൻ കഴിയുമെന്നും വിവരിക്കുക.

27. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

16/02/2025
10.30am - 12.30pm

**STD - IX**

മാർക്ക് - 50
സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

| | | |
|---|---|---|
| * വി. കുർബാന | * മാർ അപ്രേം | * ഉത്പത്തി പുസ്തകം |
| * തിരുപ്പട്ടം | * ലേവി | * വി. ആഗസ്തീനോസ് |
| * കൃപാവരം | * അഭിഷിക്തൻ | * പരസ്പരവിശ്വസ്തത |
| * യൂദാ | * മക്കൾ | * കൂദാശകൾ |
| * മുൻപിൽ വയ്ക്കപ്പെട്ടവൻ | * ബെനഡിക്ട് പതിനാറാം പാപ്പ | * അപ്രമാണിക ഗ്രന്ഥങ്ങൾ |

1. ദൈവമക്കളാകാനുള്ള തന്റെ വിളിക്ക് പ്രത്യുത്തരം നല്കാൻ ദൈവം നല്കുന്ന ആനുകൂല്യം എന്ത്?
2. 'മിശിഹാ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്ത്?
3. 'സത്പ്രവൃത്തികളുടെ തുടക്കം ദുഷ്‌വൃത്തികളുടെ ഏറ്റുപറച്ചിലാണ്' എന്ന് പഠിപ്പിച്ചത് ആര്?
4. പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം എന്ത്?
5. ദമ്പതികളുടെ അലൗകിക സ്നേഹത്തിന് ദൈവം നല്കുന്ന അനർഘ സമ്മാനം എന്ത്?
6. സ്നേഹനിധിയായ ദൈവം തന്റെ സ്നേഹത്തിന്റെ ആഴം മനുഷ്യവംശത്തിന് ഇന്നും വെളിപ്പെടുത്തുന്ന കൂദാശ ഏത്?
7. പരിശുദ്ധാത്മാവിനെ നമുക്ക് പ്രദാനം ചെയ്യുന്ന രക്ഷാകരമായ അടയാളങ്ങൾ?
8. ദൈവരാജ്യത്തിനായി കുഞ്ഞുങ്ങളെ മുദ്രവയ്ക്കുന്ന കർമ്മമായി മാമ്മോദീസായെ കാണുന്നത് ആര്?
9. രോഗങ്ങളും ദുരിതങ്ങളും മനുഷ്യജീവിതത്തിലേക്കു കടന്നുവന്നത് മനുഷ്യന്റെ പാപത്തിന്റെ ഫലമായാണെന്ന് സാക്ഷ്യപ്പെടുത്തുന്നത് എവിടെ?
10. ആരാധനാശുശ്രൂഷയ്ക്കായി ഇസ്രായേലിൽ നിന്നും ദൈവം പ്രത്യേകം നിയോഗിച്ച ഗോത്രം ഏത്?
11. വിവാഹബന്ധത്തിന്റെ അടിസ്ഥാന ഘടകം എന്ത്?
12. 'വി. കുർബാന വിശ്വസിക്കേണ്ട, ആഘോഷിക്കേണ്ട, ജീവിക്കേണ്ട രഹസ്യമാണ്' എന്ന് പറഞ്ഞത് ആര്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5**

13. ഈശോ പിതാവിന്റെ കൂദാശയാണ് എന്ന് പറയുന്നത് എന്തുകൊണ്ട്?

14. സൗഖ്യദായക കൂദാശകൾ ഏതെല്ലാം? എന്തുകൊണ്ടാണ് അവയെ സൗഖ്യദായക കൂദാശകൾ എന്ന് വിളിക്കുന്നത്?

15. പൊതുപൗരോഹിത്യം നമ്മെ കടപ്പെടുത്തുന്നത് എന്ത്?

16. വിവാഹമെന്ന കൂദാശയുടെ ലക്ഷ്യങ്ങൾ ഏവ?

17. മാമ്മോദീസാത്തൊട്ടിയെ കല്ലറയുടെ പ്രതീകമായി കണക്കാക്കുന്നത് എന്തുകൊണ്ട്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

18. തൈലാഭിഷേകകൂദാശ, മാമ്മോദീസാവഴി പുനർജന്മം ലഭിച്ച വ്യക്തിയെ ക്രൈസ്തവ പക്വതയിലേക്കു നയിക്കുന്നു. വിശദമാക്കുക.

19. വിവാഹം കൂദാശയാകുന്നത് എങ്ങനെ? വിവാഹത്തിലെ പ്രധാന കർമ്മങ്ങൾ ഏവ?

20. പാപമോചനം പുരോഹിതനിലൂടെ നിർവ്വഹിക്കപ്പെടുന്നത് എങ്ങനെ യെന്ന് വിശദമാക്കുക.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. മൗലിക സുകൃതങ്ങൾ എഴുതുക.

22. അൽമായർക്ക് അനുദിന ദിവ്യകാരുണ്യസ്വീകരണം അനുവദിച്ച മാർപാപ്പ?

23. വചനം പൂർത്തിയാക്കുക. മത്തായി 18:19, "ഭൂമിയിൽ നിങ്ങളിൽ ..........."

24. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ 'പ്രാർത്ഥനയിൽ വളരാം' എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പ്രകാശരശ്മികൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

25. കൂദാശകളിലൂടെ നമ്മെ വിശുദ്ധീകരിക്കുന്നതും രക്ഷയുടെ അനുഭവത്തിലേക്കു നയിക്കുന്നതും കൂദാശകളിൽ സന്നിഹിതനായിരിക്കുന്ന ഈശോ തന്നെയാണ്. കൂദാശകളിലെ ഈശോയുടെ സാന്നിദ്ധ്യത്തെക്കുറിച്ചും ക്രൈസ്തവജീവിതത്തിൽ കൂദാശകളുടെ സ്ഥാനത്തെക്കുറിച്ചും 'കൂദാശകളും ക്രൈസ്തവജീവിതവും' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

26. ഈശോയെ വ്യക്തിപരമായി കണ്ടുമുട്ടാൻ നമുക്ക് കഴിയുന്ന പരമോന്നത സമയമാണ് വി. കുർബാന എന്ന വസ്തുത ഉപപാഠപുസ്തകത്തിലെ 'വിശുദ്ധ കുർബാന: വിശ്വാസത്തിന്റെ മഹാരഹസ്യം' എന്ന പാഠത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

വി. കുർബാനയിലൂടെയും നവമാധ്യമങ്ങളിലൂടെയും വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറാമെന്നതിന്റെ ആധുനിക സാക്ഷ്യമാണല്ലോ കാർലോ അക്കൂത്തിസ്. നിങ്ങളുടെ സമപ്രായക്കാരനായ ഈ വാഴ്ത്തപ്പെട്ടവൻ എങ്ങനെയെല്ലാം നിങ്ങളെ സ്വാധീനിക്കുന്നുവെന്നും നവമാധ്യമങ്ങളിലൂടെ നിങ്ങൾക്ക് എപ്രകാരം വിശ്വാസത്തിന് സാക്ഷ്യം നൽകാനാകുമെന്നും വിശദമാക്കുക.

27. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.